**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 510** **13-10-2026-ൽ മറുപടിയ്ക്ക്**

**കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ പുതിയ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഉൽപ്പാദനം വർധിപ്പിക്കുന്നതിനുമായി നിലവിൽ നടപ്പാക്കുന്ന നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കൂടുതൽ ഡീലർമാരെ നിയമിച്ചുകൊണ്ട് ഡീലർഷിപ്പ് നെറ്റ്‌വർക്ക് വിപുലീകരിച്ച് കൂടുതൽ ഓർഡറുകൾ ലഭിക്കുന്നതിനുള്ള നടപടികൾ കമ്പനി സ്വീകരിച്ചു വരുന്നു. ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ലൈൻ, പെയിന്റിംഗ് ബൂത്ത് മുതലായവ നവീകരിക്കുന്നതിനുള്ള കമ്പനിയുടെ പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കമ്പനി വികസിപ്പിച്ചു കൊണ്ടിരിക്കുന്ന വാഹനങ്ങളും ടൈ-അപ്പ് ഉത്പന്നങ്ങളും വിപണിയിൽ എത്തുന്നതോടെ കടുത്ത മത്സരങ്ങളെ അതിജീവിച്ച് കൂടുതൽ ഓർഡറുകൾ സ്വന്തമാക്കാൻ കമ്പനിക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി)** സ്ഥാപനത്തിൽ പുതിയ ഇലക്ട്രിക് വാഹനങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള വാഹനങ്ങളുടെ നവീകരണത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകാമോ;

**മറുപടി:** ഉണ്ട്.

- ഉയർന്ന റേഞ്ചും മികച്ച പാസഞ്ചർ കംഫർട്ടും ഉൾപ്പെടെ നവീകരിച്ച പുതിയ L5 ഇലക്ട്രിക് ഓട്ടോയുടെ വികസന പദ്ധതി അന്തിമ ഘട്ടത്തിലാണ്.
- ഇലക്ട്രിക് പിക്ക്-അപ്പ് വാൻ, ഇലക്ട്രിക് ടിപ്പർ എന്നിവയുടെ രൂപകൽപ്പനയ്ക്കും വികസനത്തിനുമായി 2026-27 സാമ്പത്തിക വർഷം 250 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് ഭരണാനുമതി നൽകിയിട്ടുണ്ട്.
- ARAI (Automotive Research Association of India) ഏതാനും മാസങ്ങൾക്കു മുമ്പ് അംഗീകരിച്ച L1-1M Electric Passenger വാഹനവും L1-IN കാർഗോ വാഹനവും വികസിപ്പിച്ച് വിപണിയിലിറക്കുന്നതിനുള്ള പദ്ധതിയും പരിഗണനയിലുണ്ട്.

**(സി)** കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ഫാക്ടറിയിലെ യന്ത്രസാമഗ്രികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും ഇതിനായി അനുവദിച്ചിട്ടുള്ള തുകയും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** L5 Category ഇലക്ട്രിക് പിക്ക്-അപ്പ് വാൻ/ ടിപ്പർ എന്നിവ വികസിപ്പിക്കുന്നതിനും യന്ത്രസാമഗ്രികളും അടിസ്ഥാന സൗകര്യങ്ങളും നവീകരിക്കുന്നതിനും വേണ്ടി കമ്പനി സമർപ്പിച്ച 500 ലക്ഷം രൂപയുടെ പദ്ധതി സർക്കാർ അംഗീകരിക്കുകയും, പ്രസ്തുത പദ്ധതിക്ക് 2026-27 സാമ്പത്തിക വർഷം 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**(ഡി)** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വികസിക്കുന്ന സാഹചര്യത്തിൽ, തുറമുഖവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അനുബന്ധ വ്യവസായ സാധ്യതകൾ പ്രയോജനപ്പെടുത്തി കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വികസിക്കുന്ന സാഹചര്യത്തിൽ, തുറമുഖവുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനായി കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ ലഭ്യമായ ഗോഡൗണും നാലര ഏക്കർ ഭൂമിയും ഉപയോഗപ്പെടുത്തി പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (കെ.എസ്.ഐ.ഇ) മുഖേന കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും (CFS), എംപ്റ്റി കണ്ടെയ്നർ യാർഡും, അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രാരംഭഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**